File No.FWLD-F3/157/2017-FWLD

13620
24/12/20

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി- വനം വകുപ്പിൽ ആനപ്പാപ്പാനായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. കട്ടിവെള്ളന്റെ മകനായ ശ്രീ.കനേഷ് എൻ ന വനം വകുപ്പിൽ ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(എഫ്) വകുപ്പ്

സ.ഉ.(കൈ) നം.22/2020/വനം തീയതി,തിരുവനന്തപുരം, 23/12/2020

പരാമർശം:- 1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 ശ്രീ. കനേഷ് എൻ , നെടുങ്കയം ഹൗസ്, കരുളായി.പി.ഒ, മലപ്പുറം ജില്ല, 26.07.2012 ൽ സമർപ്പിച്ച അപേക്ഷ.

3 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 25.04.2017 തീയതിയിലെ ഇ6- 10996/2017 നമ്പർ കത്തും,അനുബന്ധ രേഖകളും.

4 മലപ്പുറം ജില്ലാ കളക്ടറുടെ 11.02.2020, 12.10.2020 തീയതികളിലെ DCMPM/197/2019-എ 2 നമ്പർ കത്തും,അനുബന്ധ രേഖകളും.

ഉത്തരവ്

വനം വകുപ്പിൽ ആനപ്പാപ്പാനായി സേവനത്തിലിരിക്കെ 18.06.2007 ൽ അന്തരിച്ച ശ്രീ. കട്ടിവെള്ളന്റെ മകൻ ശ്രീ.കനേഷ് എൻ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (4) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. 9-ാം ക്ലാസ്സ് പാസ്സായിട്ടുള്ള അപേക്ഷകന് 27 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 28.08.1993 ആണ്. ടിയാന്റെ കുടുംബ വാർഷിക വരുമാനം ₹22000/-രൂപയാണെന്ന് കരുളായി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ ആനപ്പാപ്പാനായി സേവനത്തിലിരിക്കെ 18.06.2007 ൽ അന്തരിച്ച ശ്രീ. കട്ടിവെള്ളന്റെ മകൻ ശ്രീ.കനേഷ് എൻ ന, വനം വകുപ്പിൽ മലപ്പുറം ജില്ലയിൽ ₹ 16500-35700 ശമ്പള സ്കെയിലിൽ ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മലപ്പുറം ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും മലപ്പുറം ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാന് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കേണ്ടതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ്

രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.അപേക്ഷകൻ ഏതെങ്കിലും വസ്തുതകൾ മനപൂർവ്വം മറച്ചുവച്ചതായും തെറ്റായ വിവരങ്ങൾ നല്കിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
**ജോയിന്റ് സെക്രട്ടറി**

മുഖ്യവനപാലകൻ&വനസേനാ മേധാവി, തിരുവനന്തപുരം.

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
ശ്രീ. കനേഷ് എൻ, നെട്ടുകയം ഹൗസ്, കരുളായി.പി.ഒ, മലപ്പുറം ജില്ല, 679344.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2020.[illegible] 10:31:41 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-വനംവന്യജീവി (പാർലമെന്റ്) വകുപ്പ്.